**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1374

02.03.2017- ൽ മറുപടിയ്ക്ക്

**കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിനുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>" കാരാട്ട് റസാഖ്<br>" സി.കെ.ഹരീന്ദ്രൻ<br>" ജോർജ് എം.തോമസ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുറമ്പോക്ക ഭൂമിയിൽ കാലാകാലങ്ങളായി താമസിച്ച വരുന്നവർക്ക് പട്ടയം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) 01.08.1971-ന് മുമ്പ് പുറമ്പോക്ക് ഭൂമിയിൽ താമസിച്ചുവരുന്നവർക്ക് കൈവശഭൂമി പതിച്ചു ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് 1964-ലെ കേരള ഭൂമിപതിവ് ചട്ടപ്രകാരവും, 1995 ലെ മുൻസിപ്പൽ കോർപ്പറേഷൻ ഭൂമി പതിവ് ചട്ടപ്രകാരവും നിയമങ്ങൾക്കു വിധേയമായി ഭൂമി പതിച്ചു നൽകുന്നതിനു നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ വില്ലേജ് രേഖകൾ പ്രകാരം പുഴ, നദി, തോട്, കായൽ, ചാനൽ, റോഡ് പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് കൈവശ രേഖ നൽകുന്നുണ്ട്. CRZ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ പട്ടയങ്ങൾ അനുവദിക്കുന്നതിന് കേന്ദ്രാനുമതി ആവശ്യമാണ്. |
| (ബി) ഇത്തരം കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ; | (ബി) നിലവിലെ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സംസ്ഥാനത്തെ ആദിവാസികളുടെ ഭൂമിയ്ക്ക് നൽകുന്ന കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) പട്ടികവർഗ്ഗക്കാരും, മറ്റു പരമ്പരാഗത ഗോത്രവാസികളും ആയ (വനാവകാശം അംഗീകരിക്കൽ ചട്ടങ്ങൾ 2008 പ്രകാരം) ആദിവാസികൾക്ക് കൈവശരേഖയാണ് അനുവദിക്കുന്നത്. കൈവശരേഖയ്ക്ക് പകരം പട്ടയം നൽകുന്നതിന് കേന്ദ്ര സർക്കാർ രൂപംകൊടുത്തിട്ടുള്ള വനാവകാശ നിയമം 2006 ലും അനുബന്ധ ചട്ടത്തിലും ഭേദഗതി വരുത്താത്തിടത്തോളം സാധ്യമല്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ